**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **18-03-2022 - ൽ മറുപടിയ്ക്ക്**

**ചലച്ചിത്ര മേഖലയിലെ ആവിഷ്കാര സ്വാതന്ത്ര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സ്വതന്ത്രമായ ചലച്ചിത്രാവിഷ്കാരത്തെ തടസ്സപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ കൊണ്ടുവരുന്ന നിയന്ത്രണങ്ങളും നിയമങ്ങളും പ്രസ്തുത മേഖലയെ ദോഷകരമായി ബാധിക്കുമെന്ന സാംസ്കാരിക പ്രവർത്തകരുടെ അഭിപ്രായത്തോടുള്ള നിലപാട് വ്യക്തമാക്കാമോ; | (എ) | ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഇടപെടലുകളും നടപടികളും കൈക്കൊള്ളുന്നതാണ്. |
| (ബി) | ഈ സാഹചര്യത്തിൽ കലാസ്വാദനത്തോടൊപ്പം രാജ്യത്തിന്റെ ബഹുസ്വരതയെയും മതേതരത്വത്തെയും സാംസ്കാരിക മൂല്യങ്ങളെയും പരിപോഷിപ്പിക്കുന്നതിനും ചലച്ചിത്ര മേഖലയെ സംരക്ഷിക്കുന്നതിനും ആവിഷ്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനും ആവശ്യമായ എന്തെല്ലാം പിന്തുണയാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ ഏറ്റവും വലിയ മതേതര ജനാധിപത്യ ചലച്ചിത്രോത്സവമായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ (IFFK) രാജ്യത്തിന്റെ ബഹുസ്വരതയേയും മതേതരത്വത്തേയും സാംസ്കാരിക മൂല്യങ്ങളേയും പരിപോഷിപ്പിക്കുന്ന സിനിമകളും ഉൾപ്പെടുത്തി വരുന്നു. ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ (IDSFK) സങ്കുചിത ദേശീയവാദത്തിനും വർഗീയതയ്ക്കും എതിരായ ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും പ്രദർശിപ്പിക്കാറുണ്ട്. അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതി പ്രകാരം നാട്ടിൻപുറങ്ങളിൽ ഉന്നതമായ മാനവിക മൂല്യങ്ങളിലൂന്നിയ സിനിമകൾ പ്രദർശിപ്പിച്ചു വരുന്നു. |
| (സി) | ഉയർന്ന കലാമൂല്യങ്ങളും നൂതന ആശയങ്ങളുമടങ്ങുന്ന ചലച്ചിത്ര സൃഷ്ടികൾ മലയാളത്തിൽ ഇറങ്ങുന്നുണ്ടെങ്കിലും അത്തരം സിനിമകൾക്ക് പ്രദർശന സൗകര്യം ലഭ്യമല്ലാത്തതിനാൽ ആയത് പരിഹരിക്കാൻ ചലച്ചിത്ര അക്കാദമിയുടെ തീയേറ്ററുകളിൽ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകളിൽ വാണിജ്യ സിനിമകളോടൊപ്പം തന്നെ കലാമൂല്യമുള്ളതും നൂതന ആശയങ്ങളുമടങ്ങുന്ന ചലച്ചിത്ര സൃഷ്ടികളും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ മലയാള സിനിമയ്ക്ക് ഊന്നൽ നൽകികൊണ്ട് സിനിമാ നിർമ്മാതാക്കൾക്ക് വരുമാനം ഉറപ്പാക്കുന്നതിനും ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനുമായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ O.T.T Plat |

| | | | |
|---|---|---|---|
| | | | form (Over The Top) സജ്ജീകരിക്കുന്നുണ്ട്. കലാമൂല്യങ്ങളുള്ള ചിത്രങ്ങളും ഒ.ടി.ടി വഴി പ്രദർശിപ്പിക്കുന്നതുവഴി ലോകമെമ്പാടുമുള്ള സിനിമാ പ്രേക്ഷകർക്ക് ഈ ചിത്രങ്ങൾ ആസ്വദിക്കുവാൻ കഴിയുന്നതോടൊപ്പം നിർമ്മാതാക്കൾക്കും മറ്റു സിനിമാ മേഖലയിലുള്ളവർക്കും വരുമാന വർദ്ധനവുണ്ടാവുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ